7

# നാം യേശുവിനെ എങ്ങനെ കാണും?

സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് പലപ്പോഴും ഗവേഷണ പദ്ധതികൾ നല്കപ്പെട്ടിട്ടുണ്ട്. അവർ എല്ലായ്പ്പോഴും ഗവേഷണം നടത്തുവാൻ ഇഷ്ടപ്പെട്ടിരുന്നവർ അല്ല. ഒരു പക്ഷേ ഗവേഷണത്തോടുള്ള അവരുടെ മനോഭാവത്തിന്റെ രണ്ടു കാരണങ്ങൾ കൊണ്ടാകാം. ആദ്യമായി, ഗവേഷണം പ്രയാസമുള്ളതാണ്. ആരോ പറഞ്ഞു, "എനിക്ക് വായന ഇഷ്ടമല്ല, എന്നാൽ വായിച്ച് കേൾക്കുന്നതാണ് ഇഷ്ടം." നിരവധി വിദ്യാർത്ഥികൾ ഗവേഷണം ഇഷ്ടപ്പെടുന്നില്ല, എന്നാൽ ഗവേഷണം നടത്തിയത് അവർക്ക് ഇഷ്ടമാണ്. രണ്ടാമത്, ഗവേണത്തിലധികവും തുറന്ന് - അവസാനിച്ചിട്ടുള്ളതാണ്. ഗവേഷണം നമുക്ക് അറിയാവുന്നതിലൂടെ അറിയപ്പെടാത്തതു അറിയുകയും - ചിലപ്പോൾ നമുക്ക് അറിയാൻ പാടില്ലാത്തത് അറിയാവുന്നതിനേക്കാൾ വ്യക്തമാണ്. ഒരു വിദ്യാർത്ഥിക്ക് ഏതെങ്കിലും ഗവേഷണ പദ്ധതിയുടെ അവസാനം ഇങ്ങനെ പറയാൻ കഴിയും, "ഈ ഗവേഷണ പദ്ധതി ഞാൻ ആരംഭിക്കുന്നതിന് മുൻപ്, ഈ വിഷയത്തെക്കുറിച്ച് എനിക്ക് ഒന്നും അറിഞ്ഞുകൂടായിരുന്നു. ഇപ്പോൾ ഞാൻ ഈ പദ്ധതി പൂർത്തിയാക്കിയതുകൊണ്ട്, ഈ വിഷയത്തെക്കുറിച്ച് മറ്റാർക്കും അറിഞ്ഞുകൂടാ എന്ന് എനിക്കറിയാം!" അത്തരം നിഗമനങ്ങൾ നിരാശ ജനിപ്പിക്കുന്നതാണ്.

ചില മുഖ്യ വിഷയങ്ങളെക്കുറിച്ചുള്ള സത്യം അറിയുവാൻ നമുക്ക് എല്ലാവർക്കും ഇഷ്ടമാണ്. എന്നാൽ തുറന്ന് - അവസാനിച്ചതിൽ നമുക്ക് തൃപ്തിയില്ലതാനും, കാരണം അവയെക്കുറിച്ചുള്ള ചർച്ചകൾ തീർന്നിട്ടില്ല. ഇത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിഷയത്തിൽ പ്രത്യേകിച്ച് വാസ്തവമാണ്. അവനെക്കു

റിച്ച് മറ്റൊരാളുടെ അഭിപ്രായമോ ചർച്ചയോ അല്ല നാം ആഗ്രഹിക്കുന്നത്; അവനെക്കുറിച്ചുള്ള *സത്യമാണ്* നാം അറിയാൻ ആഗ്രഹിക്കുന്നത്. അവനെക്കുറിച്ചുള്ള പ്രത്യേക ആഴമേറിയ ചോദ്യങ്ങൾ: യേശു ആരാണ്? അവൻ വാസ്തവത്തിൽ ദൈവപുത്രനാണോ? ജീവിതത്തെക്കുറിച്ചും രക്ഷയെക്കുറിച്ചും അവൻ എന്താണ് പറയുന്നത്?

ഈ ലോകത്തിലെ സത്യവും നിത്യവുമായ ഏക പുസ്തകം ബൈബിൾ മാത്രമാണ്. അവന്റെ ഉപദേശങ്ങൾ തീർച്ചയാക്കുവാനാണ് നമുക്ക് അത് നല്കിയിരിക്കുന്നത് (2 പത്രൊസ് 1:3). യേശുക്രിസ്തുവിനെക്കുറിച്ച് ഒരു തീർപ്പില്ലാത്ത ജീവിതം നയിക്കുവാൻ അല്ല ദൈവം നമ്മളിൽ നിന്നും ആഗ്രഹിക്കുന്നത്. യേശു ആരാണെന്നും അവൻ എന്തിനാണ് വന്നതെന്നും നാം അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അവനെക്കുറിച്ച് പൂർണ്ണമായ സത്യം നമ്മിൽ വേണമെന്ന് നാം ആഗ്രഹിക്കുന്നു. അങ്ങനെ സത്യത്തിൽ നിന്ന് തികഞ്ഞ വിശ്വാസവും ഉറപ്പും ഉള്ളവരായി ജീവിതം നയിക്കുവാൻ നമുക്ക് കഴിയുന്നു.

യേശുവിനെക്കുറിച്ചുള്ള ആധികാരിക ചിത്രം ബൈബിൾ മാത്രമാണ് നമുക്ക് നൽകുന്നത്. രണ്ട് വിധത്തിൽ അവൻ ആരാണെന്ന് അത് നമ്മോട് പറയുന്നു: ഒന്നാമത്, വചനത്തിൽ അവനെ *വിളിച്ചിരിക്കുന്നത്* ശ്രദ്ധിച്ച് അവൻ ആരാണെന്ന് നാം കാണുന്നു. രണ്ടാമത്, അവനിൽ ഉള്ളതായ *സ്വഭാവവിശേഷതകൾ* കണ്ടുകൊണ്ട് അവൻ ആരാണെന്ന് നമുക്കറിയാം.

അവനെ ബൈബിളിൽ വിളിച്ചിരിക്കുന്നത് നമുക്ക് ശ്രദ്ധയോടെ പരിഗണിക്കാം. ഒരാളെ ഉപദേഷ്ടാവും ഗുരുവുമായി ആശ്രയിക്കത്തക്കതായി, ഞങ്ങൾ പരിചയപ്പെടുത്തിയാൽ ആ വ്യക്തി ആരെന്നും അയാൾ ഏത് തരക്കാരനാണെന്നും അടിസ്ഥാനപരമായി നമുക്കറിയാം. “ഉപദേഷ്ടാവും” “ഗുരുവും” അവനെക്കുറിച്ച് ഒരു വ്യത്യസ്തതാചിത്രം നല്കുന്നു.

യേശുവിനെ തിരിച്ചറിയുന്നതിൽ യാതൊരു സംശയവും തിരുവെഴുത്തിൽ ഇട്ടിട്ടില്ല. തെറ്റിദ്ധാരണ ഉണ്ടാകുന്ന യാതൊരു നാമങ്ങളും അതിൽ പ്രത്യേകമായി നല്കിയിട്ടില്ല. യേശു ആരെന്ന് തിരുവെഴുത്തിൽ നിന്ന് നാം ശ്രദ്ധയോടെ പഠിക്കുന്നുവെങ്കിൽ, അവൻ ആരെന്ന് നാം അറിയും.

## അവൻ നമ്മുടെ രക്ഷിതാവാണ്

ആദ്യമായി യേശുവിനെ തിരുവെഴുത്ത് വിളിച്ചിരിക്കുന്നത് “രക്ഷകൻ” എന്നാണ്. “രക്ഷകൻ” എന്ന വാക്ക് വലിയ അപകടത്തിൽ നിന്ന് മറ്റുള്ളവരെ ആരെങ്കിലും മോചിപ്പിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്.

മത്തായി എഴുതിയ സുവിശേഷത്തിൽ അവന്റെ ജനനത്തെക്കുറിച്ച് പറയുന്നത് രേഖപ്പെടുത്തിയിരിക്കുന്നത് ഒരു ദൂതൻ യോസേഫിന് പ്രത്യക്ഷനാകുകയും, അവൻ യേശുവിന്റെ ഭൗമിക പിതാവായിരിക്കുകയും വേണമെന്ന് പറഞ്ഞു. ദൂതൻ പറഞ്ഞു,

> ... “ദാവീദിന്റെ മകനായ, യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉല്പ്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു, നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു” (മത്തായി 1:20,21).

നിങ്ങൾക്ക് കാണാൻ കഴിയുന്നതുപോലെ, യേശു ഏതെങ്കിലും തരത്തിലുള്ള ഒരു രക്ഷകനായിരുന്നില്ല; അവൻ പ്രത്യേകതയുള്ള ഒരു രക്ഷിതാവായിരുന്നു. കത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ നിന്ന് ഒരു കുട്ടിയെ ഒരാൾ രക്ഷിക്കുന്നു എങ്കിൽ, നാം അയാളെ രക്ഷകൻ എന്നു പറയുന്നു. പട്ടിണികിടക്കുന്നവർക്ക് ഒരാൾ ആഹാരം വിതരണം ചെയ്യുന്നുവെങ്കിൽ, അവനെ ആളുകളുടെ രക്ഷിതാവ് എന്നു പറയുന്നു. തിരുവെഴുത്തിൻ പ്രകാരം, യേശു, നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുന്നു. അവൻ നമ്മുടെ ആത്മീയ രക്ഷകനാണ്.

ഉത്തരവാദിത്വമുള്ള ഓരോ വ്യക്തിയും നേരിടുന്ന ഏറ്റവും - ഒന്നാമത്തെ വിഷമസന്ധിയാണ് പാപങ്ങളെക്കുറിച്ചുള്ള കുറ്റം നേരിടുന്നത്. ആരോ പറഞ്ഞിട്ടുണ്ട് നാം നമ്മുടെ കഴുത്തിൽ ഒരു ടേപ്പ് റിക്കോഡർ കെട്ടിയിട്ട് നാല്പത്തി - എട്ട് മണിക്കൂറിനുള്ളിൽ നാം പറയുന്ന ഓരോ വാക്കും രേഖപ്പെടുത്തിയത് പരിശോധിച്ചാൽ, നാം പാപികളാണെന്ന് എളുപ്പത്തിൽ കാണാൻ കഴിയും. നമ്മൾ ഇരുന്ന് ആ ഓരോ വാക്കും ശ്രദ്ധിച്ചാൽ, ഓരോ പ്രസ്താവനയുടേയും ലക്ഷ്യം ചിന്തിക്കുകയും നാം സംസാരിച്ച രീതി പരിശോധി

ക്കുകയും ചെയ്താൽ, നാം എല്ലായ്പ്പോഴും പറയേണ്ടതുപോലെ അല്ല പറഞ്ഞത് എന്ന് നമുക്ക് തീർച്ചപ്പെടുത്താം. അതുപോലെ, നമ്മുടെ ജീവിതത്തിലെ നാല്പത്തി - എട്ട് മണിക്കൂർ ഒരു വീഡിയോ ക്യാമറയിൽ പകർത്താനും കഴിയും. നാം അതിലെ നമ്മുടെ ഓരോ ആംഗ്യവും പ്രവൃത്തിയും നോക്കിയാൽ നാം പാപികളാണെന്ന് എളുപ്പത്തിൽ കാണാൻ കഴിയും. പലപ്പോഴും ചെയ്യരുതാത്തതാണ് ചെയ്യുന്നത് ചെയ്യേണ്ടത് ചെയ്യുന്നുമില്ല താനും. നാം പാപികളാണെന്ന് ബൈബിൾ പറയേണ്ട ആവശ്യം പോലുമില്ല. നമ്മുടെ വാക്കുകളേയും, പ്രവൃത്തികളേയും നാം അടുത്തു നോക്കിയാൽ നാം പാപികളാണെന്ന് നമുക്കറിയാം. ബൈബിൾ, എങ്ങനെയായാലും, ഈ സത്യത്തെ അസന്നിഗ്ദ്ധ മായ ഭാഷയിൽ നമ്മെ അറിയിക്കുന്നുണ്ട്. പൗലൊസ് ക്രിസ്ത്യാ നികളെ ഓർപ്പിച്ചു, "... 'നീതിമാൻ ആരുമില്ല, ഒരുത്തൻ പോലു മില്ല'" (റോമർ 3:10).

നമ്മുടെ പാപത്തിന് നമുക്കെന്ത് ചെയ്യാൻ കഴിയും? നമുക്ക് നമ്മോട് ക്ഷമിക്കാൻ കഴിയുകയില്ല. നമ്മുടെ പാപങ്ങളെ മറ്റുള്ള വർക്കെതിരായിട്ട് മാത്രമല്ല, ദൈവത്തിനും എതിരാണ്. നമ്മുടെ ഏറ്റവും അടിയന്തിരമായ ആവശ്യത്തിൽ നമ്മെ ആർക്കും സഹാ യിക്കാൻ കഴിയില്ല? മനശാസ്ത്രത്തിന് നമ്മോട് ക്ഷമിക്കാൻ കഴി യുകയില്ല. ക്രിയാത്മക ചിന്തയ്ക്കും കഴിയുകയില്ല. നാം പാപി കൾ അല്ലെന്ന് നടിച്ചാലും അത് നമ്മെ രക്ഷിക്കയില്ല. എന്ത് ചെയ്യാൻ കഴിയും? നമ്മുടെ ഈ നിരാശാവസ്ഥയ്ക്ക് ദൈവം നല്കുന്ന ഉത്തരം യേശു ആണ്. അവൻ ഭൂമിയിൽ നിവർത്തിക്കേണ്ട പ്രവൃത്തി നിമിത്തം യേശുവിന്റെ നാമം സ്വർഗ്ഗത്തിൽ നിർണ്ണയി ച്ചിരിക്കുന്നതായി യോസേഫിനോട് പറഞ്ഞു. അവന്റെ ജനനസ മയം, ദൂതൻ പാലസ്തീനിലെ കുന്നുകളിലെ ആട്ടിടയന്മാരോട് പറ ഞ്ഞു, "കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" (ലൂക്കൊസ് 2:11). യേശു ഭൂമിയിലേക്ക് വന്നതിന്റെ മുഖ്യ ഉദ്ദേശം പാപത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാനായിരുന്നു (1 കൊരിന്ത്യർ 15:3).

നെപ്പോളിയന്റെ സൈന്യത്തിലെ ഒരു പടയാളിയുടെ സ്പർശി ക്കുന്ന കഥ പറയപ്പെട്ടിട്ടുണ്ട്. അവൻ ധൈര്യശാലിയായ, വിധേയ ത്വമുള്ള പടയാളിയായിരുന്നു. യുദ്ധങ്ങൾക്കിടയിൽ തന്റെ കടമക ളോടും, കുടുംബത്തെക്കുറിച്ചുള്ള കരുതലോടും ചിന്തിക്കുന്നവ നായിരുന്നു. തനിക്ക് കടം ഉള്ളത് എത്രയെന്നും തന്റെ കുടുംബ

ത്തിനുവേണ്ടിയുള്ള ആവശ്യങ്ങൾക്ക് വേണ്ട പണം എല്ലാം ഒരു പേപ്പറിൽ അവൻ എഴുതി. തന്റെ കടം തീർക്കുവാനും കുടുംബ ചിലവുകൾ നടത്തുവാനും തനിക്ക് പണം ഇല്ല എന്ന തിരിച്ചറിവ് അവനെ നിരാശപ്പെടുത്തി. തന്റെ സാമ്പത്തികമായ പരാധീനതകളെ എഴുതിയ ആ പേപ്പറിന്റെ അവസാന ഭാഗത്ത് അത്യന്തം നിരാശ യോടെ അവനെഴുതി, "ആരുണ്ട് അവിടെ എന്റെ കടം തീർക്കു വാനും ഈ ചിലവുകൾ നടത്തുവാനും?" പരാജിതന്റെ തോന്ന ലോടെ, തന്റെ കൈകളിൽ തലവെച്ച് അവൻ ഉറങ്ങിപ്പോയി. സൈന്യത്തിൽ ആരുമറിയാതെ, ഈ സമയത്ത് നെപ്പോളിയൻ, ക്യാംപിൽ ഉള്ള പടയാളികളുടെ അവസ്ഥകളും അവരുടെ ശക്തിയും നേരിട്ട് അറിയുവാൻ വന്നു. അവൻ ഈ യുവാവായ പടയാളി കിടക്കുന്ന ടെന്റ് കടന്നപ്പോൾ, പരിശോധനയ്ക്ക് അയാളെ വിളിച്ചു, എന്നാൽ ഉള്ളിൽ നിന്ന് ഒരു ശബ്ദവും കേട്ടി ല്ല. അദ്ദേഹം നടന്നു ഉള്ളിൽ ചെന്നു നോക്കി. ചെന്നപ്പോൾ സഹ താപപൂർവ്വം പേപ്പറിൽ എഴുതിയ ചോദ്യവുമായി ആ പടയാളി കിടന്ന് ഉറങ്ങുന്നതാണ് കണ്ടത്. നെപ്പോളിയൻ കുനിഞ്ഞ്, തന്റെ പേനയെടുത്ത്, ആ ചോദ്യത്തിന്റെ താഴെ ഇങ്ങനെ എഴുതി "ഞാൻ കൊടുക്കും," എന്നിട്ട് "നെപ്പോളിയൻ," എന്ന് എഴുതി ഒപ്പിട്ടു.

നമ്മുടെ പാപം എന്ന കടത്തെക്കുറിച്ചും നമ്മുടെ രക്ഷയ്ക്കാ യുള്ള ആവശ്യത്തിനുമായി, നാമും നിലവിളിച്ചേക്കാം, "ഈ കട ങ്ങളെല്ലാം ആർ കൊടുത്തു തീർക്കും?" നെപ്പോളിയനേക്കാൾ ശ്രേഷ്ഠനായവൻ മറുപടി പറഞ്ഞിട്ടുണ്ട്, ലോക രക്ഷിതാവായ, യേശു, "കൊടുക്കും." അവന്റെ ക്രൂശിലെ മരണം മുഖാന്തരം പൂർണ്ണമായ രക്ഷ നമുക്ക് അവൻ ഒരുക്കി.

നമ്മുടെ ഏക രക്ഷിതാവ് യേശുമാത്രമാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. പത്രോസ് പറഞ്ഞു, "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇട യിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല" (പ്രവൃത്തി 4:12). നിങ്ങൾക്ക് പാപങ്ങളിൽനിന്ന് രക്ഷവേണം എന്നുണ്ടെങ്കിൽ നിങ്ങൾ സ്വീകാ ര്യമായ നിലയിൽ ദൈവ മുമ്പാകെ നില്ക്കുകയും, ക്രിസ്തുവിന്റെ അടുക്കൽ നില്ക്കുകയും വേണം (യോഹന്നാൻ 14:6; മർക്കൊസ് 16:16). ബൈബിൾ അനുസരിച്ച്, അവനാണ് നമ്മുടെ രക്ഷകൻ.

## ക്രിസ്തുവായി

രണ്ടാമത്, യേശുവിനെ "ക്രിസ്തു" എന്ന് വിളിച്ചിട്ടുണ്ട്,

അർത്ഥം “അഭിഷിക്തൻ” എന്നാണ്. ഗ്രീക്കിൽ “ക്രിസ്തു” എന്നതും എബ്രായ ഭാഷയിൽ “മശിഹ” എന്നതും ഒന്നു തന്നെ യാണ്. യേശു വാഗ്ദാനം ചെയ്യപ്പെട്ടവൻ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ ആണെന്ന് ബൈബിൾ ബോധ്യപ്പെടുത്തു ന്നു.

ഒരു പ്രത്യേക ദൈവദാസൻ വരുമെന്ന് പ്രവാചകന്മാർ മുന്ന റിയിച്ചിരുന്നു:

> നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു മകൻ നല്ക പ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാ ധാനപ്രഭു എന്ന പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യ ത്തിന്റെ വർദ്ധനയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ നിലനിർത്തും; സൈന്യ ങ്ങളുടെ യഹോവയുടെ തീഷ്ണത അതിനെ നിവർത്തിക്കും (യെശയ്യാവ് 9:6, 7).

മീഖ പ്രവചിച്ചു, “നീയോ, ബേത്‌ലഹേം എഫ്രാത്തേ,നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും ഇസ്രായേലിന് അധി പതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽ നിന്ന് ഉത്ഭവിച്ച് വരും. അവന്റെ ഉത്ഭവം പണ്ടേ ഉള്ളതും പുരാതനമായതും തന്നെ” (മീഖാ 5:2). പ്രവാചകൻ പറഞ്ഞ വരുവാനുള്ളവൻ യേശു ആകുന്നു എന്ന് പുതിയനിയമം തെളിയിക്കുന്നു.

തന്റെ ഭൗമിക ശുശ്രൂഷയുടെ അവസാനം, യേശു തന്റെ ശിഷ്യ ന്മാരുമായി ഫിലിപ്പിന്റെ കൈസര്യയിലേക്കുപോയി. അവൻ നടന്നു കൊണ്ടിരുന്നപ്പോൾ യേശു തന്റെ ശിഷ്യന്മാരോട് ചോദിച്ചു, “ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു?” അതിനുശിഷ്യന്മാർ “ചിലർ യോഹന്നാൻ സ്നാപകൻ എന്ന്; മറ്റുചിലർ ഏലിയാവ് എന്നും, വേറെചിലർ യിരെമ്യാവോ; പ്രവാചകന്മാരിൽ ഒരുത്തനോ എന്നും, പറയുന്നു” എന്ന് അവർ പറഞ്ഞു (മത്തായി 16:13, 14). അവരുടെ പ്രതികരണശേഷം യേശു ചോദിച്ചു, “നിങ്ങളോ എന്നെ ആർ എന്നു പറയുന്നു?” എന്ന് ചോദിച്ചതിന് പത്രോസ് മറുപടി പറ ഞ്ഞു. അവൻ പറഞ്ഞു, “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ

ക്രിസ്തു ആകുന്നു" (മത്തായി 16:15, 16). പത്രോസിന്റെ മറുപടിയെ യേശു അനുമോദിച്ചു. അവൻ പറഞ്ഞു, "ബെർയോനാ ശീമോനെ, നീ ഭാഗ്യവാൻ, ജഡരക്തങ്ങളല്ലാ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അത്രേ നിനക്ക് ഇത് വെളിപ്പെടുത്തിയത്" (മത്തായി 16:17). മറ്റൊരു വാക്യം യേശു പറഞ്ഞു, "പത്രോസേ മനുഷ്യൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിലല്ല നീ ഈ തീരുമാനത്തിലെത്തിയത് നിനക്ക് ഇത് സ്വർഗ്ഗത്തിലെ ദൈവത്തിൽ നിന്നാണ് ലഭിച്ചത്." ഇത് മാനുഷികമായ കണ്ടുപിടിത്തമല്ല, ദൈവികമായ വെളിപ്പെടുത്തലായിരുന്നു.

യേശുക്രിസ്തുവിനെ പുതിയ നിയമം സൂചിപ്പിക്കുന്നത് എങ്ങനെ എന്ന് ചിന്തിക്കുക. അത് അവനെ "ക്രിസ്തു," എന്ന് വിളിക്കുന്നു. ദൈവത്തിന്റെ ഒരു പ്രത്യേക തെരഞ്ഞെടുത്ത ദാസനായി, അവനെ ബോധ്യപ്പെടുത്തുന്നു. അവൻ ഒരാളുടെ മുന്നോടിയല്ല; അവൻ മാത്രമാണ്. തെരഞ്ഞെടുക്കപ്പെട്ട വരുവാനുള്ളവനെ പ്രവചിച്ചവൻ ആയിരുന്നില്ല അവൻ; തിരഞ്ഞെടുക്കപ്പെട്ടവനെക്കുറിച്ചുള്ള, പ്രവചനങ്ങളെല്ലാം നിറവേറിയവൻ ആയിരുന്നു അവൻ. അവൻ തിരഞ്ഞെടുക്കപ്പെട്ടവനോട് ചേർന്നവനുമായിരുന്നില്ല, എന്നാൽ അവൻ തന്നെയായിരുന്നു.

## ദൈവപുത്രനായി

മൂന്നാമത്, പുതിയനിയമത്തിൽ യേശുവിനെ ദൈവപുത്രനായി, ദൈവികത്വത്തിലെ രണ്ടാമത്തെ അംഗമായി എടുത്തുകാണിച്ചിരിക്കുന്നു.

യേശുവിന്റെ ഭൗമികശുശ്രൂഷയ്ക്ക് വഴിയൊരുക്കുവാൻ ദൈവം തിരഞ്ഞെടുത്ത് അയച്ചവനായിരുന്നു യോഹന്നാൻ സ്നാപകൻ. അവൻ ഇത് മാനസാന്തരവും പാപമോചനത്തിനായുള്ള മാനസാന്തരസ്നാനത്താലും ഉപദേശത്താലും നടത്തി (മർക്കൊസ് 1:4). തന്റെ പ്രസംഗത്തോട് പ്രതികരിച്ച ആളുകളോട് യോഹന്നാൻ വരുവാനുള്ള മശിഹയിലേക്ക് തിരിയുവാൻ പറഞ്ഞു. അവർ മാനസാന്തരപ്പെട്ട് സ്നാനപ്പെടുന്നതുകൊണ്ട് മശിഹ വരുമ്പോൾ അവനെ സ്വീകരിക്കുമെന്ന് ഉറപ്പ് നല്കുകയായിരുന്നു (പ്രവൃത്തികൾ 19:4). യോഹന്നാന് ദൈവം കൊടുത്ത ദൗത്യമായി, അവൻ എല്ലാ യഹൂദ്യയിലും യോർദ്ദാന് ചുറ്റുമുള്ള സകലദേശത്തും ആളുകളെ സ്നാനപ്പെടുത്തി (മത്തായി 3:5). ഒരു ദിവസം യോഹന്നാൻ നദിയിൽ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ, യോർദ്ദാന്റെ കരയിൽ യേശു പ്രത്യക്ഷനായി. യോഹന്നാൻ, ഈ സമയത്ത് യേശു മശി

ഹയായിരുന്നു എന്ന് അവന് അറിഞ്ഞുകൂടായിരുന്നു (യോഹന്നാൻ 1:29-31) - എന്നാൽ യേശു ഒരു ശ്രേഷ്ഠ മനുഷ്യനെന്ന് അവൻ അറിഞ്ഞിരുന്നു. കാര്യം അതായിരിക്കെ, യേശുവിന്റെ ചോദ്യത്തിന് മറുപടിയായി, ഫലത്തിൽ, "എനിക്ക് നിന്നാൽ സ്നാനം ആവശ്യമാണ്, പിന്നെ നീ എന്നാൽ സ്നാനമേൽക്കുന്നതിന് വന്നിരിക്കുന്നുവോ?" യേശു പറഞ്ഞു, "ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം" (മത്തായി 3:15). യോഹന്നാൻ ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു ചെയ്തത്. അവൻ ദൈവം - അയച്ച മനുഷ്യനായിരുന്നു. യേശു ഭൂമിയിലായിരുന്നപ്പോൾ ദൈവേഷ്ടത്തിന് അവനെ പൂർണ്ണമായും കീഴ്പ്പെടുത്തുവാനാഗ്രഹിച്ചു. അങ്ങനെ അനുസരണത്തോടുകൂടി യോഹന്നാനാൽ അവൻ സ്നാനമേറ്റു - അവൻ പാപം ചെയ്ത് പാപമോചനം ആവശ്യമായതുകൊണ്ടല്ല, മാനസാന്തരം ആവശ്യമായതുകൊണ്ടുമല്ല അവൻ മശിഹയായിരുന്നു. എന്നാൽ അവൻ യോഹന്നാന്റെ സ്നാനത്തിന് കീഴ്പ്പെട്ടത് ദൈവേഷ്ടം നിറവേറ്റുവാനും, സകലനീതിയും നിവർത്തിക്കുന്നതിനുമായിരുന്നു.

സ്നാനശേഷം യേശു വെള്ളത്തിൽ നിന്ന് കയറിവന്നപ്പോൾ, ദൈവത്തിന്റെ ആത്മാവ് പ്രാവ് എന്നപോലെ യേശുവിലേക്ക് ഇറങ്ങി വന്നു. ഈ അത്ഭുത പ്രവൃത്തി യോഹന്നാൻ കണ്ടപ്പോൾ, യേശു മശിഹയായിരുന്നു എന്ന് അവൻ അറിഞ്ഞു (യോഹന്നാൻ 1:32-34). പിന്നെ, സ്വർഗ്ഗത്തിൽ നിന്ന് ദൈവം തന്നെ - സംസാരിച്ചു, പറഞ്ഞു, "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ - പ്രസാദിച്ചിരിക്കുന്നു" (മത്തായി 3:17). പുതിയ നിയമത്തിലെ ഈ വാക്യങ്ങളിൽ യേശുവിനെ തന്റെ പുത്രനായി ദൈവം സാക്ഷീകരിക്കുന്നു.

യേശു ദൈവപുത്രനാണെന്ന് മൂന്ന് സാക്ഷ്യങ്ങൾ നൽകിയതായി അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞു. അവൻ പറഞ്ഞു, "ആത്മാവും സാക്ഷ്യം പറയുന്നു; ആത്മാവ് സത്യമല്ലോ സാക്ഷ്യം പറയുന്നവർ മൂവരുണ്ട്; ആത്മാവ്, ജലം, രക്തം; ഈ മൂന്നിന്റേയും സാക്ഷ്യം ഒന്നുതന്നെ" (1 യൊഹന്നാൻ 5:7, 8). യേശുവിന്റെ സ്നാനശേഷം അവനിൽ പരിശുദ്ധാത്മാവ് പ്രാവെന്നപോലെ ഇറങ്ങിവന്നത് അവൻ ദൈവപുത്രനെന്ന് ആത്മാവ് സാക്ഷീകരിക്കുന്നതത്രേ. സുവിശേഷങ്ങളിൽ മറ്റ് സമയങ്ങളിൽ പരിശുദ്ധാത്മാവ് അവനെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. "ജലം" യേശുവിന്റെ

സ്നാനത്തെ സൂചിപ്പിക്കുന്നു, പിതാവ് സ്വർഗ്ഗത്തിൽ നിന്ന് യേശു തന്റെ പുത്രനെന്ന് സമ്മതിക്കുകയും ചെയ്തു. "രക്തം" എന്ന് യോഹന്നാൻ പ്രതിപാദിച്ചത് യേശുക്രിസ്തുവിന്റെ മരണത്തെ പ്രതിനിധീകരിച്ചായിരിക്കണം. യേശുവിനെ ക്രൂശിൽ തറച്ചതുമായി ബന്ധപ്പെട്ട് ചുറ്റും നടന്ന അത്ഭുതം യേശുവിന്റെ ദൈവികത്വത്തെ സാക്ഷീകരിക്കുന്നു. യോഹന്നാൻ പറഞ്ഞു, "നാം മനുഷ്യരുടെ സാക്ഷ്യം കൈക്കൊള്ളുന്നു എങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു; ദൈവത്തിന്റെ സാക്ഷ്യമോ, അവൻ തന്റെ പുത്രനെക്കുറിച്ചു സാക്ഷീകരിച്ചതു തന്നെ" (1 യോഹന്നാൻ 5:9). സത്യസന്ധരായ മൂന്ന് പുരുഷന്മാർ ഏതെങ്കിലും സത്യത്തെക്കുറിച്ച് യോജിച്ച് സാക്ഷ്യം പറഞ്ഞാൽ, നാം ആ സാക്ഷ്യം സ്വീകരിക്കും - അതുതന്നെയാണ് ഏതുദേശത്തിലേയും കോടതി നിയമം. അപ്പോൾ ദൈവത്തെ സംബന്ധിച്ച സത്യം നാം എത്രയധികം സ്വീകരിക്കേണ്ടതാണ്!. തന്റെ പുത്രനെക്കുറിച്ച് അവൻ സാക്ഷ്യം പറഞ്ഞിരിക്കുന്ന - ആത്മാവിന്റെ സാക്ഷ്യം (അവന്റെ സ്നാനത്തിൽ പ്രാവെന്ന രൂപത്തിൽ), ജലത്തിന്റേയും (സ്നാമേറ്റപ്പോൾ കേട്ട പിതാവിന്റെ ശബ്ദം), രക്തത്തിന്റേയും (അവന്റെ മരണസമയത്ത് അത്ഭുതങ്ങൾ നടന്നപ്പോൾ).

യേശു ആരാണ്? ആ ചോദ്യത്തിന് തിരുവെഴുത്ത് ഒരു സംശയവും ഇടുന്നില്ല. യേശു ദൈവത്തിന്റെ പുത്രനാണെന്ന് പുതിയനിയമം വ്യക്തമായി പഠിപ്പിക്കുന്നു. യേശുവിനെ അവഗണിക്കാൻ കഴിയുകയില്ല. അവനെ അവഗണിക്കുന്നത് ദൈവത്തെ അവഗണിക്കുന്നതിന് തുല്യമാണ്.

## കർത്താവായി

നാലാമത്, പുതിയനിയമം യേശുവിനെ "കർത്താവ്" എന്ന് വിളിക്കുന്നു. സകലദൈവിക അധികാരത്തോടും കൂടി, അവൻ നമ്മുടെ പരമോന്നത ഭരണകർത്താവാണ്.

യേശുമരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റശേഷം, താൻ വാസ്തവത്തിൽ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് കാണിക്കേണ്ടതിന്, അവൻ തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി,

> സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ

> സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം, എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് (മത്തായി 28:18–20).

യേശു ഉയിർത്തെഴുന്നേറ്റ് പത്ത് ദിവസങ്ങൾക്ക് ശേഷം, പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ പകർന്നു. ആ ദിവസം പെന്തകൊസ്തുനാളിൽ, സന്നിഹിതരായിരുന്ന വലിയ പുരുഷാരത്തോട് പത്രോസ് പ്രസംഗിച്ചു. യേശു ക്രിസ്തു തന്നെ എന്ന് തെളിയിക്കുന്ന തെളിവുകൾ നല്കി. തന്റെ പ്രസംഗം ഉച്ചസ്ഥായിയിലെത്തിയപ്പോൾ, അവൻ സദസ്യരോട് ദൈവം യേശുവിനെ "കർത്താവും ക്രിസ്തുവും ആക്കി വെച്ചു" എന്ന് പറഞ്ഞു (പ്രവൃത്തികൾ 2:36). പൗലോസ്, യേശു തന്നത്താൻ താഴ്ത്തി മനുഷ്യനായി, മരണത്തോളം അനുസരണമുള്ളവനായി തീർന്നു എന്ന് പറഞ്ഞുകൊണ്ട്, എഴുതി,

> അതുകൊണ്ടു, ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി, അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ, സ്വർല്ലോകരുടെയും ഭൂലോകരുടേയും അധോലോകരുടേയും, മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടിവരും (ഫിലിപ്പിയർ 2:9–11).

പൗലോസും യേശുവിനെക്കുറിച്ച് എഴുതി, "അവൻ [ദൈവം] സർവ്വവും അവന്റെ കാൽക്കീഴിലാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെയ്ക്കു കൊടുക്കയും ചെയ്തിരിക്കുന്നു" (എഫെസ്യർ 1:22, 23).

പുതിയനിയമം അനുസരിച്ച്, യേശുവിന്റെ കർത്തൃത്വം നമുക്ക് എന്താണ് അർത്ഥമാക്കുന്നത്? പ്രായോഗികമായ പ്രയോഗത്തിൽ, അതിന്റെ അർത്ഥം നാം അവന് കീഴ്പ്പെടണം എന്നാണ്. യേശു പറഞ്ഞു, "നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതു എന്ത്?"

(ലൂക്കൊസ് 6:46). അവൻ പിന്നെയും പറഞ്ഞു, “എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു” (മത്തായി 7:21). നിങ്ങൾ യേശുവിന്റെ ഉപദേശങ്ങൾക്ക് കീഴ്പ്പെടുവാൻ തയ്യാറുണ്ടോ? രണ്ടാമത്, അതിന്റെ അർത്ഥം നമ്മുടെ ജീവിതത്തിൽ നാം ക്രിസ്തുവിന് മുൻഗണന കൊടുക്കണം എന്നാണ്. നമ്മുടെ വിധേയത്വവും സ്നേഹവും നാം അവന് അർപ്പിക്കുന്നു. സ്വർഗ്ഗം ആദരിച്ച ഏക കർത്താവ് അവൻ മാത്രമാണ്, നമ്മുടെ ഹൃദയങ്ങളിൽ സിംഹാസനാരൂഢനാകേണ്ട കർത്താവ് അവൻ മാത്രമാണ്.

ആരോ പറഞ്ഞു, “ഓരോ ഹൃദയത്തിലും ഓരോ കുരിശും ഓരോ സിംഹാസനവുമുണ്ട്. ഞാൻ എന്നെ സിംഹാസനത്തിൽ ഇരുത്തിയാൽ ഞാൻ ക്രിസ്തുവിനെ ക്രൂശിൽ ഇരുത്തുന്നു. ഞാൻ ക്രിസ്തുവിനെ സിംഹാസനത്തിൽ ഇരുത്തിയാൽ, ഞാൻ എന്നെ ക്രൂശിൽ ഇരുത്തുന്നു.” രണ്ട് കർത്താക്കന്മാർ ആർക്കും ഉണ്ടാകാൻ പാടില്ല. ക്രിസ്തുവിന്റെ കർത്തൃത്വത്തിന് നിങ്ങൾ “ഉവ്വ്” എന്ന് പറഞ്ഞാൽ നിങ്ങളുടെ സ്വന്ത ഇഷ്ടത്തിനും ആഗ്രഹത്തിനും “ഇല്ല” എന്ന് പറയണം. രണ്ട് യജമാനന്മാർ ആർക്കും ഉണ്ടാവുകയില്ല; അങ്ങനെയെങ്കിൽ നിങ്ങൾ ഒരാളെ സ്നേഹിക്കുകയും മറ്റൊരാളെ വെറുക്കുകയും ചെയ്യുന്നു (മത്തായി 6:24).

യേശു കർത്താവാണെന്ന് പുതിയനിയമം പറയുന്നു. ദൈവം സകലവും അവന്റെ കാൽക്കീഴിൽ വെച്ചിരിക്കുന്നു. അവൻ രാജാധിരാജാവും കർത്താധികർത്താവും ആകുന്നു.

## ഉപസംഹാരം

പിന്നെ, യേശു, ആരാണ്? ലോകത്തിലെ പൂർണ്ണവും കൃത്യവുമായ പുസ്തകം പറയുന്നത് അവൻ നമ്മുടെ രക്ഷിതാവ് ആയ, ക്രിസ്തു, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ, ദൈവപുത്രൻ, നമ്മുടെ കർത്താവ് ആണ് എന്നത്രേ. ഇതാണ് അവനെ സംബന്ധിച്ച സത്യം. അവൻ ആരെന്ന് അറിയുവാൻ വേറൊരു ഗവേഷണത്തിനായി നിങ്ങൾ കാത്തിരിക്കേണ്ട. ബൈബിൾ അവനെ സംബന്ധിച്ച് പൂർണ്ണ സത്യം പറയുന്നു.

യേശു ലോകത്തിൽ വരുന്ന കലണ്ടറിനെ ബി.സി എന്നും എ.ഡി എന്നും രണ്ടായി ഭാഗിച്ചു. മത്തായി 25:31-46 പറയുന്നു അവൻ മനുഷ്യവർഗ്ഗത്തെ രക്ഷിക്കപ്പെട്ടവരും, നഷ്ടപ്പെട്ടവരുമായി

വിഭാഗിക്കും. പിലാത്തൊസ് വിചാരിച്ചത് യേശു തന്റെ മുമ്പിൽ ന്യായവിധിക്കായി നില്ക്കുന്നു എന്നാണ്, എന്നാൽ വാസ്തവത്തിൽ പിലാത്തൊസ് ആയിരുന്നു യേശുവിന്റെ മുമ്പിൽ നിന്നത്. ലോകത്തിന്റെ അന്ത്യനാളിൽ, രക്ഷിക്കപ്പെട്ടവർ യേശുവിന്റെ സിംഹാസനത്തിന്റെ വലതു ഭാഗത്ത് നില്ക്കും, എന്നാൽ നഷ്ടപ്പെട്ടവർ അവന്റെ സിംഹാസനത്തിന്റെ ഇടത്തും നില്ക്കും. നിങ്ങൾ അവന്റെ സിംഹാസനത്തിന്റെ വലത്തുഭാഗത്തു നില്ക്കണോ അതോ ഇടത്തുഭാഗത്തു നില്ക്കണോ എന്നത് യേശുവിനോടുള്ള നിങ്ങളുടെ പ്രതികരണത്തെ ആശ്രയിച്ചിരിക്കും. അവന്റെ രക്ഷ മുഖാന്തിരം മാത്രമേ നിങ്ങൾക്ക് വലത്ത് ഭാഗത്ത് നില്ക്കാൻ കഴിയു. അവൻ പറഞ്ഞു, "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6). നിങ്ങൾ ഒന്നുകിൽ യേശു മുഖാന്തിരം ദൈവത്തോട് സമീപിക്കും, അല്ലെങ്കിൽ നിങ്ങൾ നിത്യശിക്ഷ അനുഭവിക്കും. അവൻ വന്നത് നമുക്ക് ജീവനുണ്ടാകേണ്ടതിനാണ് (യോഹന്നാൻ 10:10); അവനെക്കൂടാതെ ആയാൽ നാം നിത്യമായി മരിക്കും.

രക്ഷയ്ക്കായി യേശുവിന്റെ അടുക്കലേക്ക് നമ്മെ അവൻ ക്ഷണിക്കുന്നു. മറ്റ് മതപരമായ സംഘങ്ങൾ നിങ്ങളെ അവരുടെ ഉപദേശ സംഹിതകളിലേക്കു ക്ഷണിക്കും. യേശു മാത്രമാണ്, ദൈവപുത്രൻ, തന്നിലേക്ക് *അവനു* മാത്രമെ ക്ഷണിക്കാൻ കഴിയു. അവൻ പറഞ്ഞു, "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11:28).

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. "രക്ഷകൻ" എന്ന വാക്ക് എന്തിനെ സൂചിപ്പിക്കുന്നു?
2. യേശു എങ്ങനെ പ്രത്യേക രക്ഷിതാവായിരിക്കുന്നു?
3. "ക്രിസ്തു" എന്നതിന്റെ അർത്ഥം എന്ത്?
4. യേശു ദൈവപുത്രനാണെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം?
5. 1 യോഹന്നാൻ 5:7, 8-ൽ സൂചിപ്പിച്ച ആത്മാവ്, ജലം, രക്തം എന്താണ് അർത്ഥമാക്കുന്നത്?
6. പ്രവൃത്തി 2-ൽ തന്റെ സദസ്യരോട് യേശുവിനെക്കുറിച്ച് എന്ത് തീരുമാനിക്കുവാൻ ആവശ്യപ്പെട്ടു?

7. യേശുവിന്റെ കർത്തൃത്വം നമുക്ക് പ്രായോഗികമായി എന്ത് അർത്ഥമാണ് ഉളവാക്കുന്നത്?

## വാക്ക് സഹായങ്ങൾ

**ദാവീദിന്റെ നഗരം** - ബേത്ലഹേം.

**ക്രൂശീകരണം** - ക്രൂശിൽ തൂങ്ങിയുള്ള മരണം; റോമൻ ശിക്ഷാരീതി. കുറ്റം ഇല്ലാതിരുന്നുവെങ്കിലും, യേശുവിനെ നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ തറെച്ചു.

**കർത്താധികർത്താവും രാജാധിരാജാവും** - യേശുവിനേയും അവന്റെ മഹത്വത്തേയും കുറിച്ചുള്ള വാക്കുകൾ. അവൻ മറ്റ് എല്ലാവരേക്കാളും ഉയർന്നവനാണ്.

**പെന്തെകൊസ്ത് (പെന്തെകൊസ്തുനാൾ)** - യഹൂദവാരോത്സവം, വിളവെടുപ്പ് ഉത്സവം എന്നും വിളിക്കുന്നു; അന്നാണ് സഭ ആരംഭിച്ചത് (പ്രവൃത്തികൾ 2).

**കീഴ്പ്പെടൽ** - ദൈവത്തോടും അവന്റെ വചനത്തോടും ഉള്ള അനുസരണം.